**തസ്യൈവം രമമാണസ്യ സംവത്സരഗണാൻ ബഹൂൻ**
**ഗൃഹമേധേഷു യോഗേഷു വിരാഗസ്സമജായത (3-3-22)**
**ദൈവാധീനേഷു കാമേഷു ദൈവാധീന: സ്വയം പുമാൻ**
**കോ വിസ്രംഭേത യോഗേ യോഗേശ്വരമനുവ്രത: (3-3-23)**

ഉദ്ധവർ തുടർന്നു:
ചെറിയകുട്ടിയായിരിക്കുമ്പോൾത്തന്നെ കൃഷ്ണഭഗവാൻ ദുഷ്ടനായ കംസനെ വധിച്ചു. എല്ലാമറിയുന്ന ഭഗവാൻ സാന്ദീപനിയുടെ ശിഷ്യനായി വേദങ്ങളും മറ്റുപുരാണങ്ങളും പഠിച്ചു. പഠനം കഴിഞ്ഞ് തിരിച്ചു പോകുമ്പോൾ ഗുരുദക്ഷിണയായി ഗുരുവിൻെറ മരിച്ചുപോയമകനെ ജീവിപ്പിച്ചുകൊടുത്തു. രുഗ്മിണി തന്നെ മനസാവരിച്ചതായി അറിഞ്ഞ കൃഷ്ണൻ അവളെ ആഗ്രഹിച്ച മറ്റു രാജാക്കന്മാരിൽനിന്നുമുടലോടെ രക്ഷിച്ചു പരിണയിച്ചു. ഏഴു കാട്ടുകാളകളെ മല്ലടിച്ച് മയക്കി മറ്റുപല രാജകുമാരന്മാരേയും തോൽപ്പിച്ച് സത്യഭാമയെ പാണിഗ്രഹണം ചെയ്തു. സത്യയോടുള്ള പ്രേമംകൊണ്ട് ഇന്ദ്രൻെറ വളപ്പിലുണ്ടായിരുന്ന ഒരു സ്വർഗ്ഗീയ വൃക്ഷത്തെ അവൾക്കായി കൊണ്ടുവന്നുകൊടുത്തു. ദുഷ്ടനായ നരകാസുരനെക്കൊന്ന് അവൻ തടവിലാക്കി വെച്ചിരുന്ന പതിനാറായിരം രാജകുമാരിമാരെ രക്ഷിച്ചു. അവരെല്ലാം ഭഗവാനെ പരിണയിക്കാനാഗ്രഹിച്ചപ്പോൾ സ്വയം പതിനാറായിരം രൂപങ്ങളായിമാറി എല്ലാവരേയും വിവാഹം ചെയ്തു. എല്ലാവരിലും പത്തു പുത്രന്മാർ വീതമുണ്ടാവുകയും ചെയ്തു.

പല രാക്ഷസന്മാരേയും ഭഗവാൻ നിഗ്രഹിച്ചു. പലരേയും ഭഗവാൻ സ്വയവും മറ്റുള്ളവരെ ബലരാമനുമാണു വകവരുത്തിയത്. കുരുക്ഷേത്രയുദ്ധത്തിൽ പരസ്പരം നശിപ്പിക്കാനും അവസരം നൽകിയാണദ്ദേഹം ദുഷ്ടരുടെ നിഗ്രഹം സാധിച്ചത്. ദുഷ്ടരുടെ ഉപദേശങ്ങൾ മാത്രം കേട്ടു പ്രവർത്തിച്ച ദുര്യോധനൻെറ ചെയ്തികൾമൂലം വളരെയേറെപ്പേർക്ക് ജീവഹാനി സംഭവിച്ചു. കൃഷ്ണൻെറ ബന്ധുക്കൾ പോലും (യാദവർ) ശക്തരും പാപികളും ആയിത്തീർന്നു. അവർ മദ്യപിച്ച് തമ്മിൽതല്ലി സ്വയം നാശം ക്ഷണിച്ചുവരുത്തുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അവർ പരസ്പരം നിഗ്രഹിക്കുവാൻ അദ്ദേഹമങ്ങിനെ ഇടവരുത്തി. ഭഗവാൻ കൃഷ്ണൻ യുധിഷ്ഠിരനെ സിംഹാസനത്തിലിരുത്തി. ഗർഭത്തിലിരിക്കുന്ന പരീക്ഷിത്തിനെ അശ്വത്ഥാമാവിൻെറ ആഗ്നേയാസ്ത്രത്തിൽ നിന്നും പരിരക്ഷിച്ചു. ദ്വാരകവാഴുമ്പോൾ എല്ലാ സമ്പദൈശ്വര്യങ്ങളിലും വ്യാപൃതനായിരുന്നെങ്കിലും ഭഗവാൻ ഒന്നിൻേറയും ബന്ധനത്തിലായിരുന്നില്ല. യോഗികൾക്കുമാത്രം സാധിക്കുന്നമട്ടിൽ അദ്ദേഹം നിസ്സംഗനായി വിട്ടുനിന്നു. ലോകവും നാകവും അദ്ദേഹത്തിൻെറ ദിവ്യശക്തിയാലും കരുണാവായ്പ്പിനാലും സൗഹൃദത്തിനാലും സർവ്വദാ സന്തോഷിച്ചിരുന്നു. അങ്ങിനെ ജിവിതമാസ്വദിച്ചേറെനാൾ കഴിഞ്ഞപ്പോൾ ഗൃഹസ്ഥജീവിതത്തിനോടദ്ദേഹത്തിനു തീരെ താല്പര്യമില്ലാതായി. അതാണു ഭഗവാൻെറ ജീവിതോദാഹരണം. ആ പാദാരവിന്ദങ്ങളെ പിൻതുടരാനാഗ്രഹിക്കുന്നവർ എങ്ങിനെ വിഷയാസക്തനും ഇന്ദ്രിയഭോഗിയുമായിത്തീരും? അദ്ദേഹംപോലും സ്വയം ഈശ്വരേച്ഛയ്ക്കും വിധിക്കും അതീതനല്ലത്രേ.

ഇതിനിടയിൽ ഭഗവാൻെറ ബന്ധുപുത്രാദികൾ കളിയായി ഒരു മുനിയെ അപമാനിച്ച് അദ്ദേഹത്തിൻെറ ശാപത്തിന്നിരയായി. അതിനുശേഷം കടലിൽ കുളിക്കാനും സന്ധ്യാവന്ദനത്തിനുമായി അവർ പോവുകയും ബ്രാഹ്മണർക്കും മറ്റും കൈനിറയെ സംഭാവനകൾ നൽകുകയും ചെയ്തു.